

# ജില്ലകളിലൂടെ – 8

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന മാസ്ക് നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം, തുണിസഞ്ചി നിർമ്മാണം, സന്നദ്ധ പ്രവർത്തനം, കൗൺസിലിങ് നൽകൽ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളുണ്ട്. ഇത് കൂടാതെ ഓരോ ജില്ലകളും പ്രാദേശികമായ ആവശ്യവും സാഹചര്യവും പരിഗണിച്ച് നടപ്പിലാക്കി വരുന്ന പ്രത്യേക ചില പ്രവർത്തനങ്ങളുണ്ട്. അത്തരത്തിൽ തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, വയനാട്, തൃശ്ശൂർ, മലപ്പുറം, കോട്ടയം ജില്ലകൾ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഈ ലേഖനപരമ്പരയിൽ വിശദമാക്കിയിരുന്നല്ലോ. ഇന്ന് കണ്ണൂർ ജില്ലയുടെ ചില സവിശേഷ പ്രവർത്തനങ്ങളെ പരിചയപ്പെടാം.

**കരുതലോടെ കണ്ണൂർ**

81 സിഡിഎസുകളിലായി (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ- അയൽക്കൂട്ടങ്ങളുടെ പഞ്ചായത്ത് തല ഫെഡറേഷനുകൾ) 20,168 അയൽക്കൂട്ടങ്ങൾ കണ്ണൂർ ജില്ലയിലുണ്ട്. 3,31,713 അംഗങ്ങളാണ് ജില്ലയിൽ കുടുംബശ്രീയുടെ ഭാഗമായുള്ളത്. ജില്ലയിലെ ചില പ്രവർത്തനങ്ങൾ താഴെ നൽകുന്നു.

**1. അതിഥി തൊഴിലാളികൾക്കും പ്രവാസികൾക്കും റെയിൽവേ സ്റ്റേഷനിലും വിമാനത്താവളത്തിലും പാഴ്സലായി ഭക്ഷണം :**

കണ്ണൂർ ജില്ലയിൽ നിന്ന് സ്വന്തം നാടുകളിലേക്ക് തിരികെ പോയ അതിഥി തൊഴിലാളികൾക്കും ജില്ലയിലേക്ക് തിരികെയെത്തിയ പ്രവാസികൾക്കും ഭക്ഷണം ഒരുക്കി, പാഴ്സലാക്കി നൽകി കണ്ണൂർ ജില്ലയിലെ കുടുംബശ്രീ ടീം. ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശ പ്രകാരമായിരുന്നു ഈ പ്രവർത്തനങ്ങൾ. നാല് തവണയായാണ് അതിഥി തൊഴിലാളികൾക്ക് ഭക്ഷണ കിറ്റ് (ചപ്പാത്തി, വെ

ജിറ്റബിൾ കറി, ബിസ്കറ്റ്, പഴം, കുപ്പി വെള്ളം) നൽകിയത്. മേയ് മൂന്നിന് കണ്ണൂർ- ബീഹാർ ട്രെയിനിലെ 1142 യാത്രക്കാർക്കും ആറാം തിയതി മധ്യപ്രദേശിലേക്കുള്ള ട്രെയിനിലെ 450 യാത്രക്കാർക്കും ഭക്ഷണം നൽകി. ഏഴിനും പത്തിനും ഉത്തർപ്രദേശിലേക്കുള്ള ട്രെയിനുകളിലെ 1140 വീതം യാത്രക്കാർക്കും ഇത്തരത്തിൽ ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ മേയ് 12ന് ദുബായിൽ നിന്ന് എത്തിയ എയർ ഇന്ത്യ എക്സ്പ്രസിലെ 200 യാത്രക്കാർക്ക് എയർപോർട്ടിൽ ഭക്ഷണകിറ്റ് എത്തിച്ചു വിതരണം ചെയ്തു. ജില്ലാ മിഷൻ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ജീവനക്കാരും സിഡിഎസ് അംഗങ്ങളും ചേർന്നാണ് കിറ്റ് തയാറാക്കിയത്.

**2. ഡോക്ടർ @ ഹോം :**

ലോക്ഡൗൺ കാലത്ത് ജീവിതശൈലി രോഗങ്ങളുള്ളവരും മറ്റ് അസുഖബാധിതരും നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമാണ് കണ്ണൂർ ജില്ലയിലെ ഡോക്ടർ @ ഹോം പരിപാടി. പന്ന്യന്നൂർ സിഡിഎസ് മുൻകൈയെടുത്ത് ആരോഗ്യവകുപ്പിന്റെയും പഞ്ചായത്തിന്റെയും സംയോജനത്തോടെയാണ് ഈ പ്രവർത്തനം നടത്തുന്നത്. ഡോക്ടർമാരും ഹെൽത്ത് ഇൻസ്പെക്ടർമാരും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും സിഡിഎസ്, എഡിഎസ്, അയൽക്കൂട്ട അംഗങ്ങൾ..തുടങ്ങിയവരുൾപ്പെടുന്ന വാട്സ് ആപ്പ് ഗ്രൂപ്പുകൾ വഴിയാണ് പ്രവർത്തനം. രാവിലെ 9 മുതൽ 5 വരെയും അത്യാവശ്യമാണെങ്കിൽ അത് കഴിഞ്ഞും ഈ ഗ്രൂപ്പുകൾ വഴി രോഗികൾക്ക് ഡോക്ടർമാരുടെയും മറ്റും നിർദ്ദേശങ്ങളും സേവനങ്ങളും തേടാം. മരുന്നുകൾ വേണ്ടവർക്ക് ആശാവർക്കർമാർ വഴി അതും ലഭ്യമാക്കുന്നു. അത്യാവശ്യമുള്ളവർക്ക് വീടുകളിൽ പോയും ഡോക്ടർമാർ സേവനം നൽകും. സാന്ത്വനം വോളന്റിയർമാർ ജീവിതശൈലി രോഗങ്ങളുടെ പരിശോധനയും നടത്തുന്നു. ഇത് കൂടാതെ വെറ്റിനറി ഡോക്ടറുടെ സേവനവും പദ്ധതിയുടെ ഭാഗമായി നൽകുന്നു.

**3. ആറളം ഫാമിലെ ആദിവാസി കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വീട്ടുപടിക്കൽ എത്തിച്ചുനൽകൽ :**

ആറളം പഞ്ചായത്തിന് കീഴിൽ ആദിവാസികൾ താമസിക്കുന്ന ആറളം ഫാം വാർഡിലെ 1400 ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് അരിയും ഭക്ഷ്യധാന്യങ്ങളും വീടുകളിലെത്തിച്ച് നൽകി കണ്ണൂർ ജില്ലാ ടീം. ജില്ലാ ഭരണകൂടവും പട്ടികവർഗ്ഗ വികസന വകുപ്പുമായും സംയോജിച്ചാണ് കുടുംബശ്രീ ഈ പ്രവർത്തനം നടത്തിയത്. ആറളം ഫാമിൽ 1600 ആദിവാസി കുടുംബങ്ങളാണുള്ളത്. റേഷൻ കടകളുടെ സമീപം താമസിക്കുന്ന 200 കുടുംബങ്ങൾ നേരിട്ട് പോയി റേഷൻ വാങ്ങി. ശേഷിച്ച 1400 കുടുംബങ്ങൾക്ക് യാത്രാ സൗകര്യങ്ങളില്ലാത്തതിനാൽ റേഷൻ വാങ്ങാൻ കഴിയുന്നില്ലെന്ന് മനസ്സിലാക്കിയതോടെയാണ് ഈ പ്രവർത്തനം നടത്തിയത്. കുടുംബങ്ങളിൽ നിന്ന് റേഷൻ കാർഡുകൾ വാങ്ങിയ ശേഷം ഇതനുസരിച്ച് റേഷൻ വാങ്ങി ആറളം ഫാമിന്റെ വാഹനത്തിൽ ഏപ്രിൽ 1, 2, 4 തിയതികളിലായി വീടുകളിലേക്ക് എത്തിച്ച് നൽകുകയായിരുന്നു. ആറളം ഫാമിലെ ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അട്ടപ്പാടി പ്രത്യേക സമഗ്ര വികസന പദ്ധതിയുടെ മാതൃകയിൽ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ മുഖേന ആറളം പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**4. തുണയായി ഹോംശ്രീയും :**

കണ്ണൂർ ജില്ലയിലെ ഹോംഷോപ്പ് സംവിധാനത്തിൽ 350 ഹോംഷോപ്പ് ഓണർമാർ മുഖേന 52 ഉത്പന്നങ്ങളാണ് വിറ്റഴിക്കുന്നത്. ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും ഹോംഷോപ്പ് സംവിധാനമുണ്ട്. കോവിഡ് 19 പ്രതിസന്ധികാലത്ത് പൊതുജനങ്ങളിലേക്ക് കുടുംബശ്രീ ഉത്പന്നങ്ങൾക്കൊപ്പം മരുന്നുകളുൾപ്പെടെയുള്ള അവശ്യവസ്തുക്കളും സപ്ലൈകോ ഭക്ഷ്യ കിറ്റുകളും എത്തിച്ച് നൽകുന്നതിനായി ഈ ഹോംഷോപ്പ് സംവിധാനത്തെ ഉപയോഗപ്പെടുത്താൻ ജില്ലാ ഭരണകൂടവും കുടുംബശ്രീ ജില്ലാ മിഷനും ധാരണയിലെത്തുകയായിരുന്നു. ഇതനുസരിച്ച് 200 ഹോംഷോപ്പ് ഓണർമാരും സിഡിഎസ് അംഗങ്ങളും മുഖേന വീടുകളിലേക്ക് സാധനസാമഗ്രികൾ എത്തിച്ച് നൽകുന്ന പ്രവർത്തനത്തിന് ജില്ലാ കളക്ടർ പ്രത്യേക അനുമതി നൽകി. ഹോംശ്രീ എന്ന പേരിൽ അറിയപ്പെടുന്ന ഈ സംവിധാനത്തിന്റെ പ്രവർത്തനം ഹോട്സ്പോട്ട് ഇടങ്ങളിൽ ഒഴിവാക്കിയിട്ടുണ്ട്. മാർച്ച് 12 മുതൽ ഇതുവരെയുള്ള കാലയളവിൽ 60 ലക്ഷം രൂപയുടെ വിറ്റുവരവാണ് ഹോംശ്രീ വഴി നടന്നത്.

എല്ലാ ജില്ലകളിലേയും പോലെ തന്നെ പ്രാദേശികമായ പ്രത്യേകതകൾ അടിസ്ഥാനമാക്കി രൂപം നൽകിയ പദ്ധതികളും പ്രവർത്തനങ്ങളുമായി കരുത്തുറ്റ ചുവടുവയ്പ്പോടെ മുന്നോട്ട് പോകുന്ന കണ്ണൂർ ജില്ലയിലെ എല്ലാ കുടുംബശ്രീ ജീവനക്കാർക്കും പ്രവർത്തകർക്കും എന്റെ അഭിനന്ദനങ്ങൾ.